**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 669** **24-08-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ചാർജ്ജിന്റെ 10 ശതമാനം ഡ്യൂട്ടി റവന്യൂവിൽ നിന്നും ഈടാക്കിയാണ് കെ.എസ്.ഇ.ബി.യിൽ പെൻഷൻ നൽകുന്നത് എന്നത് വസ്തുതയാണോ; | (എ) | പെൻഷൻ ഫണ്ടിനു വേണ്ടിയുള്ള സർക്കാർ വിഹിതമായി 5861 കോടി രൂപ 10 വർഷം കൊണ്ട് ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ തട്ടിക്കിഴിക്കണമെന്ന് GO (P) No.3/2015/PD dated 28/01/2015 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ വിഹിതം കൂടാതെ KSEBL - ന്റെ തനതുവിഹിതവും ചേർത്താണ് പെൻഷൻ നൽകുന്നത്. |
| (ബി) | പെൻഷനെ സംബന്ധിച്ച് സ്ഥിരം സംവിധാനം എന്ന നിലയിൽ ബോർഡ് കമ്പനിയാകുന്ന സമയത്തുതന്നെ ത്രികക്ഷി കരാറിൽ വ്യവസ്ഥ ഉണ്ടായിരുന്നോ; വ്യക്തമാക്കുമോ; | (ബി) | 01/08/2014-ൽ ഒപ്പിട്ട ത്രികക്ഷി കരാറിൽ പെൻഷൻ വിതരണത്തിനായി കെ.എസ്.ഇ.ബി.ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റ് രൂപീകരിക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | പെൻഷൻ ഫണ്ട് ഇതുവരെ കാര്യക്ഷമമാക്കിയിട്ടില്ലാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | 2013-ലെ ആക്ച്വറിയൽ വാല്യൂവേഷൻ അനുസരിച്ച് പെൻഷൻ ഫണ്ടിനു വേണ്ട 12419 കോടി രൂപ സമാഹരിക്കുന്നതിന് 2 ബോണ്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 03/11/2011-ലെ സ.ഉ(കൈ). നമ്പർ 43/2011/പി.ഡി ഉത്തരവ് പ്രകാരം 524 കോടി രൂപ 10 തുല്യ ഗഡുക്കളായി 2012-13 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ വകയിരുത്തി നൽകി വരുന്നു. പത്ത് വർഷക്കാലയളവിലേക്ക് ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ ലഭിക്കുന്ന 5861 കോടി രൂപ ബോർഡിൽ-തന്നെ നിലനിർത്തി മാസ്റ്റർ ട്രസ്റ്റിനുവേണ്ടി ഉപയോഗിക്കാൻ 28.01.2015-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 2013-നു ശേഷം പെൻഷൻ ബാദ്ധ്യതയിലുണ്ടായ വർദ്ധനവ് ഫണ്ടു ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ബോർഡിന്റെ റവന്യൂവിൽ നിന്നും പെൻഷൻ വിതരണം ചെയ്യുന്നത് ജനങ്ങൾക്കുമേൽ | (ഡി) | കെ.എസ്.ഇ.ബോർഡ് കമ്പനിയാക്കി മാറ്റിയപ്പോൾ വിഭാവനം ചെയ്ത കൈമാറ്റപദ്ധതി പ്രകാരമാണ് |

| | | | |
|---|---|---|---|
| | അമിതഭാരമേൽപ്പിക്കും എന്നത് വസ്തുതയാണോ; വിശദമാക്കാമോ? | | പെൻഷൻ തുക കണ്ടെത്തുന്നത്. പെൻഷൻ സംബന്ധിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിശദമായി പരിശോധിച്ചതിന് ശേഷമാണ് ആയതിനാവശ്യമായ തുക താരിഫിൽ ചുമത്തുന്നത്. |

സെക്ഷൻ ഓഫീസർ